# കേരളപാഠാവലി

## മലയാളം
## പരിസരപഠനം
## കലാവിദ്യാഭ്യാസം
## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
## ആരോഗ്യകായിക വിദ്യാഭ്യാസം

## സ്റ്റാൻഡേർഡ് II
### ഭാഗം - 2

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

# കേരളപാഠാവലി
## സ്റ്റാൻഡേർഡ് II

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

കഥകളും കവിതകളും ചിത്രങ്ങളുമായി പുതിയ പാഠപുസ്തകം കൂട്ടുകാരുടെ മുന്നിലേക്ക് എത്തുകയാണ്. പൂക്കളും മരങ്ങളും മലകളും പുഴകളും മൃഗങ്ങളെുമാക്കെ ഉൾപ്പെടുന്ന പാഠങ്ങൾ നിങ്ങളെ സന്തോഷിപ്പിക്കും. പാഠങ്ങളിലൂടെ കടന്നു പോകുമ്പോൾ ഉണ്ടാകുന്ന രസകരമായ അനുഭവങ്ങൾ നിങ്ങൾക്ക് ഇഷ്ടമാകും.

മലയാളഭാഷയുടെ മധുരം പങ്കുവെക്കാൻ പാഠപുസ്തകത്തിൽ നിരവധി അവസരങ്ങൾ നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ഒപ്പം നമ്മുടെ പരിസരം നിരീക്ഷിച്ച് ചുറ്റുപാട് തിരിച്ചറിഞ്ഞ് ഇടപെടാനും നിങ്ങൾക്ക് കഴിയും. അക്ഷരങ്ങളും വാക്കുകളും മനസ്സിലാക്കി സ്വന്തംഭാഷയിൽ നന്നായി പറയാനും വായിക്കാനും എഴുതാനും കൂടുതൽ മിടുക്കരാകാനും ഈ പുസ്തകം വഴിയൊരുക്കും.

പാഠപുസ്തകത്തിന് പുറമെ ഒരു പ്രവർത്തന പുസ്തകം കൂടി നിങ്ങളുടെ കയ്യിലെത്തുന്നുണ്ട്. സ്നേഹവും പിന്തുണയുമായി അധ്യാപകരും രക്ഷിതാക്കളും വിദ്യാലയവും നിങ്ങൾക്കൊപ്പമുണ്ട്. ഒത്തു പഠിക്കാം, പഠിച്ചു മുന്നേറാം.

ഡോ. ജയപ്രകാശ് ആർ.കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തകരചനാസമിതി

**അഡ്വൈസർ**

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

**ചെയർമാൻ**

**എൻ. ശ്രീകുമാർ**
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, ആലപ്പുഴ

**വിദഗ്ധർ**

എം.എം. സചീന്ദ്രൻ
ശ്രീദളം, കോഹിനൂർ,
പി.ഒ. കാലിക്കറ്റ് യൂണിവേഴ്സിറ്റി
മലപ്പുറം

വിജയകുമാർ എം.കെ.
പ്രിൻസിപ്പാൾ (റിട്ട.), സി.കെ.എൻ.എസ്.ജി.
എച്ച്.എസ്.എസ്. പിലിക്കോട്
കാസർഗോഡ്

**അംഗങ്ങൾ**

അനൂപ്കുമാർ കല്ലത്ത്, പ്രധാനാധ്യാപകൻ, ജി.യു.പി.എസ്. കൂട്ടക്കനി, കാസറഗോഡ്
ഷീജ സി.പി., അധ്യാപിക (റിട്ട.), സൈനിക് എൽ.പി.എസ്. കഴക്കൂട്ടം, തിരുവനന്തപുരം
സുനിൽ കുന്നരു, എൽ.പി.എസ്.ടി., എ.യു.പി.സ്കൂൾ കുന്നരു, കണ്ണൂർ
ഉണ്ണിരാജൻ പി.വി., ജി.യു.പി.എസ്. നാലിലാംകണ്ടം, കാസറഗോഡ്
അബ്ദുൽ ഷുക്കൂർ വി.പി., ട്രെയിനർ, സമഗ്രശിക്ഷാ കേരളം, യു.ആർ.സി. എറണാകുളം
പ്രജിത കെ., എൽ.പി.എസ്.ടി., ജി.എം.എൽ.പി.എസ്. വലിയപറപ്പൂർ, മലപ്പുറം
ജസ്ന എ.ആർ., പ്രധാനാധ്യാപിക, വള്ളിയാട് എം.എൽ.പി.എസ്. തോടന്നൂർ, കോഴിക്കോട്
ഇന്ദിരാദേവി പി., ട്രെയ്നർ, ബിആർസി മഞ്ചേരി, എസ്.എസ്.കെ. മലപ്പുറം
അമ്പിളി വി., എൽ.പി.എസ്.ടി, വി.ബി.യു.പി. സ്കൂൾ തൃക്കൊടിത്താനം, കോട്ടയം
ബിനു ആർ., എൽ.പി.എസ്.ടി, ഗവ. എൽ.പി. സ്കൂൾ, കുരിയാത്തി, തിരുവനന്തപുരം

**ചിത്രം വരച്ചവർ**

ദീപേഷ് ടി., സി.എച്ച്.എം.എച്ച്.എസ്.എസ്. കാവുംപടി, തില്ലങ്കേരി, കണ്ണൂർ
സന്തോഷ് എ., ട്രെയ്നർ, ബി.ആർ.സി. പാപ്പിനിശ്ശേരി, കണ്ണൂർ
പ്രേംകുമാർ വി.പി., ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ, കണ്ണൂർ
സചീന്ദ്രൻ കാറഡുക്ക.

**അക്കാദമിക് കോ-ഓർഡിനേറ്റർ**

**ഡോ. ശശി എം.ടി.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# എന്നെ അറിയാൻ

എന്റെ പേര് : ..............................................................

വീട്ടുപേര് : ..............................................................

എന്റെ നാട് : ..............................................................

സ്കൂൾ : ..............................................................

ക്ലാസ് : ..............................................................

എന്റെ ടീച്ചർ : ..............................................................



# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# ഉള്ളടക്കം


7. മണിയന്റെ യാത്ര........................ 88 - 99

8. പച്ചിലത്തുമ്പിലൂടെ.................... 100 - 109

9. ആരോഗ്യം സമ്പത്ത്.................. 110 - 121

10. സിംഹരാജനും മാൻകുഞ്ഞും.. 122 - 131

11. മിന്നിമിനുങ്ങും മിന്നാമിന്നി...... 132 - 140




# 7 മണിയന്റെ യാത്ര



ണിം.. ണിം.. ണിം..
ണിം.. ണിം.. ണിം.. ണിം
മണിയൻസൈക്കിൾ
യാത്ര തുടങ്ങി.
മണിയടിച്ച് മണിയടിച്ച്
മുന്നിൽ കണ്ട
വഴികളിലൂടെ മണിയൻ
ഓടി.
ആഹാ.. നല്ല രസം.
തോട്ടിൻകരയിലൂടെ
മണിയൻ ഓടി.
തോട്ടിലെ പരൽമീനുകൾ
മണിയനെ കണ്ട്
തുള്ളിക്കളിച്ചു.

പുഴക്കരയിലൂടെ
മണിയൻ ഓടി.
പുഴയിലെ കുഞ്ഞോളങ്ങൾ
മണിയനെ കണ്ട് കുലുങ്ങിച്ചിരിച്ചു.

പിന്നെയും മണിയൻസൈക്കിൾ
മണിയടിച്ച് മണിയടിച്ച്
മുന്നോട്ടോടി.
വഴിയുടെ ഇരുവശങ്ങളിലുമുള്ള
പൂച്ചെടികൾ മണിയനെ കണ്ട്
സന്തോഷത്തോടെ തലയാട്ടി.
മണിയൻസൈക്കിൾ
മണിയടിച്ച് മണിയടിച്ച്
അവരോടൊപ്പം ചേർന്നു.



**ആരൊക്കെയാണ് മണിയനെ കണ്ടപ്പോൾ സന്തോഷം പ്രകടിപ്പിച്ചത്? എന്തുകൊണ്ടാവാം അവർ സന്തോഷിച്ചത്?**

എന്തോ ശബ്ദം കേൾക്കുന്നല്ലോ.
മണിയൻ വശത്തേക്ക് മാറിനിന്നു. മാനത്തേക്ക് നോക്കി.
കുഞ്ഞുപക്ഷിയെപ്പോലെ ഒരു വിമാനം.
മണിയൻ യാത്ര തുടർന്നു. മുന്നോട്ടു പോകുന്തോറും
റോഡിൽ കൂടുതൽ വാഹനങ്ങൾ കണ്ടുതുടങ്ങി.
ഓടിയോടി മണിയൻ പട്ടണത്തിലെത്തി.
മാനം തൊടുന്ന  കെട്ടിടങ്ങൾ.
ചെടികളും പൂക്കളും ചിരിച്ചുനിൽക്കുന്ന പാർക്കുകൾ.
പച്ചക്കറിച്ചന്തകൾ, പലതരം കടകൾ.
തലങ്ങും വിലങ്ങും റോഡുകൾ.
റോഡുകൾ നിറയെ  വാഹനങ്ങൾ. ഹായ് എന്തു രസം!

ആളുകളുടെ തിക്കും തിരക്കും.
എന്തൊരു ധൃതിയാണിവർക്ക്!
എങ്ങോട്ടാണ് ഇവരൊക്കെ പോകുന്നത്?
മണിയൻസൈക്കിളിന്റെ മനസ്സു നിറയെ ചോദ്യങ്ങൾ.



കാറും ബസും റിക്ഷാവണ്ടിയു-
മാകെ റോഡിൽ പൊടിപൂരം.
നൂറുകണക്കിന് സ്കൂട്ടർവണ്ടികൾ
പാഞ്ഞു റോഡിൽ നെട്ടോട്ടം.

- **മണിയൻസൈക്കിൾ കണ്ട വാഹനങ്ങൾ ഏതൊക്കെയാവാം?**
- **പട്ടണത്തിൽ മണിയൻ കണ്ട കാഴ്ചകൾ പറയാം എഴുതാം.**
- **മണിയൻ കണ്ട കാഴ്ചകളിൽ നിങ്ങൾക്ക്  ഇഷ്ടമുള്ള ഭാഗം ചിത്രമാക്കാം.**



“ഹോ...എന്തൊരു തിരക്ക്!”
നാലു റോഡുകൾ കൂടിച്ചേരുന്ന ഒരു സ്ഥലം.
മുന്നിൽ ട്രാഫിക് സിഗ്നൽ.
സിഗ്നലിൽ ചുവപ്പു വെളിച്ചം.
തൊട്ടുമുന്നിലുണ്ടായിരുന്ന
കുഞ്ഞിക്കാറിനു പിന്നിൽ
മണിയൻസൈക്കിളും ഓട്ടം നിർത്തി.
പച്ചവെളിച്ചം കത്തി.
മണിയൻസൈക്കിൾ മുന്നോട്ടോടി.



ചോപ്പുവെളിച്ചം കത്തുന്നു
വണ്ടികളെല്ലാം നിർത്തുന്നു
മഞ്ഞവെളിച്ചം കത്തുന്നു
വണ്ടികൾ തയ്യാറാകുന്നു
പച്ചവെളിച്ചം കത്തുന്നു
വണ്ടികൾ മുന്നോട്ടോടുന്നു.

റോഡിനു കുറുകെ വെളുത്ത വരകൾ.
അതിലൂടെ ആളുകൾ
റോഡ് മുറിച്ചുകടക്കുന്നു.

**സിഗ്നൽവെളിച്ചങ്ങൾ നൽകുന്ന സൂചനകൾ എന്തെല്ലാം?**

മണിയൻ യാത്ര തുടർന്നു.
പുക തുപ്പിക്കൊണ്ട് വേഗത്തിൽ വന്ന കൂറ്റൻലോറിയെ കണ്ട് അവൻ പേടിച്ചുപോയി.
“ശ്ശോ! എന്തൊരു പുക!
എല്ലാ വണ്ടികളും ഇങ്ങനെ പുക തുപ്പുന്നവയാണോ?”
മണിയന് സംശയമായി.
കൂറ്റൻലോറി കുഞ്ഞിക്കാറിനും മണിയൻസൈക്കിളിനും നേരെ പാഞ്ഞുവന്നു.
“അയ്യോ...” അവർ നിലവിളിച്ചു.
തെന്നിമാറിയതുകൊണ്ട് രക്ഷപ്പെട്ടു.
എന്തൊരു വേഗതയാണ് ഈ വാഹനങ്ങൾക്ക്?



- പുകയില്ലാത്ത വാഹനങ്ങൾ ഏതൊക്കെ? പറയാം എഴുതാം.
- ഒഴിഞ്ഞുമാറിയില്ലായിരുന്നെങ്കിൽ കാറിനും സൈക്കിളിനും എന്തു സംഭവിക്കുമായിരുന്നു?
- മണിയൻ കണ്ട കാഴ്ചകൾ അഭിനയിക്കാം.

ണിം.. ണിം.. ണിം.. ണിം..
മണിയൻസൈക്കിൾ യാത്ര തുടർന്നു.
റോഡിൽ വാഹനങ്ങളുടെ എണ്ണം കൂടിക്കൂടി വന്നു.
ചെകിടടപ്പിക്കുന്ന ഹോൺ ശബ്ദം. "ശ്ശോ! മടുത്തു."
മണിയൻസൈക്കിൾ മടക്കയാത്ര ആരംഭിച്ചു.
ഓടിയോടി അവൻ വീണ്ടും പുഴയുടെ തീരത്തെത്തി.
ഹാവൂ... ആശ്വാസമായി.
കുറച്ചുനേരം ഇവിടെ വിശ്രമിക്കാം.

- **വാഹനം ഓടാൻ ഇന്ധനം ആവശ്യമാണല്ലോ. വാഹനങ്ങളിൽ നിറയ്ക്കുന്ന ഇന്ധനങ്ങൾ ഏതെല്ലാം?**
- **ഇന്ധനം ഉപയോഗിക്കാതെ ഓടുന്ന വാഹനങ്ങളുണ്ടോ? അവയുടെ ചിത്രം വരച്ച് പേരെഴുതാം.**

## ചിത്രം നോക്കി കണ്ടെത്താം എഴുതാം





**ഇങ്ങനെ യാത്ര ചെയ്യുന്നത് ശരിയാണോ? ഇവർക്ക് എന്തൊക്കെ നിർദേശങ്ങളാണ് നിങ്ങൾ നൽകുക**

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................



## എന്നെ അറിയാമോ?

ഞാൻ മണ്ണുമാന്തിയന്ത്രം.

ഭാരമെടുക്കാനും മണ്ണെടുക്കാനുമുള്ള യന്ത്രമാണ് ഞാൻ. കൃഷിയിടത്തിലും കെട്ടിടനിർമ്മാണത്തിലും റോഡ് നിർമ്മാണത്തിലും എന്നെ ഉപയോഗിക്കാറുണ്ട്. ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യുന്നതിനും ഞാൻ സഹായിക്കാറുണ്ട്. പ്രളയം, ഉരുൾപൊട്ടൽ പോലെയുള്ള ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനത്തിനും ഞാൻ മുന്നിലുണ്ടാകും. ഏതു കഠിനമായ ജോലിയും കുറഞ്ഞ സമയംകൊണ്ട് ഞാൻ ചെയ്തുതീർക്കും.

## വായിക്കാം

വഞ്ചി അക്കരെയെത്തി. കുട്ടൻ വഞ്ചിയിൽനിന്നിറങ്ങി
കേളുമ്മാവന്റെ കൈപിടിച്ച് നടന്നു.
വിശാലമായ നെൽവയൽ. എങ്ങും പച്ചപ്പ്.
പാടത്ത് നിറയെ വെളുത്ത പക്ഷികൾ.
കൊക്കുകൾ ഒരുമിച്ച് പറക്കുന്നത് കാണാൻ എന്തുരസം!
കുട്ടൻ കേളുമ്മാവനോടൊത്ത് പിന്നെയും നടന്നു.
അപ്പോഴാണ് അവൻ ആ കാഴ്ച കണ്ടത്.
വരമ്പിന്റെ അരികിലെ ദ്വാരത്തിൽനിന്ന് രണ്ടുമൂന്നു
കൈകൾ. കുട്ടൻ അടുത്തെത്തിയപ്പോൾ
ആ കൈകൾ പിൻവലിഞ്ഞു.
"അത് ഞണ്ടാണ് കുട്ടാ" കേളുമ്മാവൻ പറഞ്ഞു.
പിന്നെ അവന്റെ ശ്രദ്ധ തോട്ടിലെ മീനുകളിലായി.
മീനുകൾ നീന്തിക്കളിക്കുന്നത് കാണാൻ നല്ല രസം.

- സി. ആർ. ദാസ്



### കണ്ടെത്താം

- കുട്ടനും കേളുമ്മാവനും ഏതു വാഹനത്തിലാണ് യാത്ര ചെയ്തത്?

- 'വരമ്പിന്റെ അരികിലെ ദ്വാരത്തിൽനിന്ന് രണ്ടുമൂന്നു കൈകൾ' ആരുടെതാണ് ഈ കൈകൾ?

- പാടവരമ്പിലൂടെയുള്ള യാത്രയിൽ കുട്ടൻ കണ്ട കാഴ്ചകൾ എന്തെല്ലാം?

## പാടാം രസിക്കാം



### സമ്മാനം

അമ്പിളിമാമന്റെ വീട്ടിലും നമ്മുടെ
അമ്മാവന്മാർ ചിലർ പോയി വന്നു
അഞ്ചാറു കല്ലുകളത്രെ നമുക്കൊരു
സഞ്ചിയിൽ മാമൻ കൊടുത്തയച്ചു

- ഒ.എൻ.വി കുറുപ്പ്

- **എവിടേക്ക് നടത്തിയ യാത്രയെക്കുറിച്ചാണ് പാട്ടിൽ പറയുന്നത്?**

# 8 പച്ചിലത്തുമ്പിലൂടെ

ഒരു മഴ പെയ്തു
ഭൂമി കുളിർത്തു
ഒരു കതിർ നീണ്ടു
ഭൂമി പൊലിച്ചു

-അയ്യപ്പപ്പണിക്കർ



മഴ പെയ്തു. മണ്ണ് കുളിർത്തു.
വെണ്ടവിത്തും മത്തൻവിത്തും
നനഞ്ഞ മണ്ണിൽ പുതഞ്ഞുകിടന്നു.
വിത്തുകൾ മുളപൊട്ടി.
തളിരിലകൾ തല നീട്ടി.
അവർ മുകളിലേക്ക് നോക്കി.
"ഹായ് നീലാകാശം."
ചുറ്റിലും പച്ചയുടുപ്പിട്ട ചെടികൾ.
പല തരത്തിൽ, പല വലുപ്പത്തിൽ.
വെണ്ടയും മത്തനും പതിയെ വളർന്നു.



വെണ്ടച്ചെടി മൊട്ടിട്ടുതുടങ്ങി.
മൊട്ടുകൾ വിരിഞ്ഞു,
മഞ്ഞപ്പൂക്കളായി.
പൂക്കൾ കൊഴിഞ്ഞു.
കായകൾ നീണ്ടുവന്നു.
വെണ്ടച്ചെടി തലയുയർത്തി നിവർന്നുനിന്നു.
മത്തൻ തലതാഴ്ത്തി നിലത്ത് ഇഴഞ്ഞുതുടങ്ങി.
മത്തന് സ്പ്രിങ്പോലെ കൈകൾ നീണ്ടുവന്നു.
അത് വെണ്ടച്ചെടിയുടെ തണ്ടിൽ ചുറ്റി
മുകളിലേക്ക് കയറാൻ നോക്കി.
വെണ്ടച്ചെടിയ്ക്ക് സംശയമായി.
"ഹേയ്, നീ എന്തിനാണ് എന്റെ
തണ്ടിൽ പിടിച്ചുകയറുന്നത്?
എന്തിനാ ഇങ്ങനെ മണ്ണിലിഴയുന്നത്?
നിനക്ക് നിവർന്നുനിന്നുകൂടെ?"





“എനിക്ക് സ്വന്തമായി
നിവർന്നുനില്ക്കാൻ കഴിയില്ല”
മത്തൻവള്ളി പുഞ്ചിരിച്ചു.
“ഞാൻ സഹായിക്കാം”
കറിവേപ്പ് പറഞ്ഞു.

മത്തൻവള്ളി കറിവേപ്പിന്റെ
ചില്ലയിലേക്ക് പടർന്നുകയറി.
“വെണ്ടച്ചങ്ങാതീ, നോക്ക്
ഞാൻ നിനക്കൊപ്പം ഉയരത്തിലായി.”
വെണ്ടച്ചെടിക്ക് സന്തോഷമായി.



“എനിക്ക് ദൂരേക്ക് വിത്തു വിതറാൻ
കഴിയുമല്ലോ”
വെണ്ടച്ചെടി വിളിച്ചു പറഞ്ഞു.
“ങേ! അതെങ്ങനെ?”
മത്തൻവള്ളി കണ്ണുകൾ വിടർത്തി.

“ഇപ്പോൾ കാണിച്ചു തരാം”
വെണ്ടച്ചെടിയിലെ
ഉണങ്ങിയ കായ പൊട്ടിത്തെറിച്ചു.
വിത്തുകൾ നാലുപാടും ചിതറി.
“ആഹാ! കൊള്ളാമല്ലോ സൂത്രം”
മത്തന് അദ്ഭുതമായി.



ഈ കാഴ്ച കണ്ട അപ്പൂപ്പൻതാടി
പറന്നുവന്ന് മത്തൻവള്ളിയിലിരുന്നു.
“നീയെങ്ങനെ ഇവിടെയെത്തി?”
മത്തൻവള്ളി ചോദിച്ചു.
അപ്പൂപ്പൻതാടി മത്തൻവള്ളിയുടെ
ചെവിയിൽ എന്തോ മന്ത്രിച്ചു.
ദൂരേക്ക് പറന്നുപോയി.



- എന്തായിരിക്കും അപ്പൂപ്പൻതാടി പറഞ്ഞിട്ടുണ്ടാവുക?

- വെണ്ടച്ചെടി കാണിച്ച സൂത്രം എന്തായിരുന്നു?

- കഥയിൽ നിങ്ങൾക്കിഷ്ടപ്പെട്ട ഭാഗം ചിത്രമാക്കാം

മരങ്ങളും വള്ളികളും
മൃഗങ്ങളുമൊക്കെയാണ്
മനുഷ്യന്റെ ഉറ്റ ബന്ധുക്കൾ

-ശ്രീബുദ്ധൻ



## ഇലയും കറിയും

എത്രയിലക്കറിയറിയാം? പറയുക,
ഏതില നിങ്ങൾ കറിവയ്ക്കും?
മത്തനിലക്കറിയറിയാം, ഞങ്ങൾ
കുമ്പളയിലയും കറിവയ്ക്കും
ചുവന്നചീര, പച്ചച്ചീര,
മുള്ളൻചീരക്കറിയറിയാം
പയറിലയറിയാം ചേമ്പിലയറിയാം
മുരിങ്ങയിലയും കറിവയ്ക്കും
താളും തകരയുമറിയാം പിന്നെ
തഴുതാമക്കറിയറിയാമേ
പുതിനയിലയും കറിവേപ്പിലയും
കറിയിൽ ചേരും മല്ലിയില
എത്രയിലക്കറിയറിയാം? പറയുക,
ഏതില നിങ്ങൾ കറിവയ്ക്കും?







- ഭക്ഷണമായി ഉപയോഗിക്കാറുള്ള ഇലകൾ ഏതെല്ലാം? എഴുതി നോക്കാം.
- ഇലകൊണ്ടുള്ള ഒരു വിഭവം തയ്യാറാക്കുന്ന വിധം വീട്ടിൽ അന്വേഷിച്ച് പാചകക്കുറിപ്പെഴുതാം.

## ഇലകളെ നിരീക്ഷിക്കാം

നിങ്ങളുടെ കൈപ്പത്തിയെക്കാൾ വലിയ ഇലകൾ ഏതൊക്കെയാണ്? ചെറിയ ഇലകൾ ഏതൊക്കെയാണ്? ചുറ്റുപാടും നിരീക്ഷിച്ച് കണ്ടെത്താം, പട്ടികപ്പെടുത്താം.

## ശ്രുഷിതയുടെ ഡയറി



ഇന്ന് എനിക്ക് വളരെ സന്തോഷമുള്ള ദിവസമായിരുന്നു. കുറച്ച് ദിവസം മുമ്പ് കുപ്പിയിലെ വെള്ളത്തിൽ ഞാനൊരു ചെടി വച്ചിരുന്നു.

അതിൽ കുഞ്ഞുവേരുകൾ വരാൻ തുടങ്ങിയത് ഇന്നാണ്. ഞാൻ അതിലേക്ക് കുറേ നേരം നോക്കിനിന്നു.

**ശ്രുഷിതയുടെ ഡയറി വായിച്ചല്ലോ?**

- **മണ്ണിലല്ലാതെ വളരുന്ന സസ്യങ്ങളുണ്ടോ? അന്വേഷിച്ചറിയാം. കൂട്ടുകാരുമായി പങ്കുവയ്ക്കാം.**

## രൂപങ്ങൾ നിർമ്മിക്കാം

ഇലകൾ ഒട്ടിച്ചുചേർത്ത് രൂപങ്ങൾ തയ്യാറാക്കാം







## തെങ്ങ്

ഞാൻ തെങ്ങ്.
ഒറ്റത്തടിവൃക്ഷം.
എനിക്ക് ചില്ലകളില്ല.

..........................................................................

..........................................................................

..........................................................................

..........................................................................

നമ്മുടെ നാട്ടിൽ എവിടെയും എന്നെ കാണാം.
കേരവൃക്ഷം എന്നും എനിക്ക് പേരുണ്ട്.

**നിങ്ങൾക്കറിയാവുന്ന മറ്റൊരു സസ്യത്തെക്കുറിച്ച് എഴുതിനോക്കാം.**

## ആരാണ്?

തോട്ടുവക്കിൽ തൊടിയിൽ ഇടവഴിയിലും
ഇല വിരിക്കും, പൂത്തു പുഞ്ചിരിക്കും
മുള്ളുള്ള കൂട്ടരാണെങ്കിലും ഞങ്ങളെ
തൊട്ടുനോക്കല്ലേ പിണങ്ങിനിൽക്കും

ഊന്നിക്കയറാൻ ഊന്നലു വേണം
പടർന്നുവളരാൻ പന്തലു വേണം
വിരലുകൾപോലില, പൂക്കൾ മഞ്ഞ
തോരണമായി തൂക്കിയ കായ്കൾ
കായിൽ മുള്ള്, രുചിയിൽ കയ്പ്
കറിയിൽ ഗുണമിവനാരാവാം?

പൂവിൽനിന്നും
കായ വിരിഞ്ഞാൽ
കാലിൽ കല്ലുകൾ കെട്ടിത്തൂക്കി
താഴോട്ടെത്താൻ
വലിച്ചു നീട്ടും
പന്തലിൽ വളരും
ഞാനാര്?



പാടി രസിക്കാം

## മരം

കാട്ടിലെ കിളികൾക്കും മരം വേണം
നാട്ടിലെ മനുഷ്യർക്കും മരം വേണം
പറക്കുന്ന തുമ്പിക്കും ചിരിക്കുന്ന കുഞ്ഞിനും
മരിക്കുന്ന വൃദ്ധനും മരം വേണം
ശ്വസിക്കുവാൻ പ്രാണനായ് മരം വേണം
കുടിക്കുവാൻ ജലമായ് മരം വേണം
വിശപ്പിന് പഴമായ് മരം വേണം
എരിയുവാൻ വിറകായ് മരം വേണം
വിണ്ണിന്റെ മഴയായ് മരം വേണം
മണ്ണിന്റെ ഉയിരായ് മരം വേണം
കണ്ണിന് കുളിരായ് മരം വേണം
ഞങ്ങൾക്ക് തുണയായ് മരം വേണം
വെട്ടല്ലേ വെട്ടല്ലേ വലിയോരേ
വിറ്റുകാശാക്കല്ലേ പെരിയോരേ
കാടിതു ഞങ്ങൾക്കു വീടാണേ
വീട് മുടിക്കല്ലേ ഉടയോരേ

-സുഗതകുമാരി

# 9 ആരോഗ്യം സമ്പത്ത്



"അയ്യോ! വിശന്നിട്ട് വയ്യ"
കുറുമ്പൻ ഈച്ച അലറിക്കരഞ്ഞു.
"എന്റെ വിശപ്പ് മാറിക്കിട്ടി"
കൊതിച്ചിക്കൊതുക് ആശ്വാസത്തോടെ പറഞ്ഞു.
"അതെങ്ങനെ?" കുറുമ്പൻ ചോദിച്ചു.
"ദാ, അവിടെയൊരു ചെറുക്കൻ. ഞാനവനെ കുത്തി.
നല്ല രുചിയുള്ള ചോര"
കൊതിച്ചിക്കൊതുക് ചിരിച്ചു.
"അയ്യോ! വിശക്കുന്നേ." കുറുമ്പൻ പിന്നെയും നിലവിളിച്ചു.
"അതാ... ആ ചെറുക്കൻ.
അവൻ ഭക്ഷണത്തിന്റെ മുന്നിലാണ്.
നിനക്കെന്തെങ്കിലും കിട്ടാനിടയുണ്ട്."
കൊതിച്ചി കുറുമ്പനെ സമാധാനിപ്പിച്ചു.
"ഒറ്റയ്ക്ക് പോകാൻ പേടിയാവുന്നു. നമ്മൾ രോഗങ്ങൾ
പരത്തുന്നവരാണെന്ന് അവർക്കറിയാം. നീ എന്റെ കൂടെ
വരുമോ?" കുറുമ്പൻ ചോദിച്ചു.

“അയ്യോ! ഞാനില്ല. എനിക്ക് മുട്ടയിടാൻ നേരമായി.”
കൊതിച്ചി ഒഴിഞ്ഞുമാറി.
“മുട്ട ഇടാനോ? എവിടെ?” കുറുമ്പൻ ചോദിച്ചു.
“കെട്ടിക്കിടക്കുന്ന ജലം തേടി അലയണം”
കൊതിച്ചി പറഞ്ഞു.
“എന്നാൽ ഞാൻ പോയി എന്തെങ്കിലും തിന്നട്ടെ. നമുക്ക് പിന്നെ കാണാം.” കുറുമ്പൻ ഭക്ഷണമേശയ്ക്ക് നേരെ പറന്നു.

കൊതി കൊതിച്ച് കൊതിയനീച്ച
പറ പറന്നു വന്നു, പറ പറന്നു വന്നു
ചേറിലും ചോറിലും മാറിമാറിയിരുന്നു
കൊതി കൊതിച്ച് കൊതുകൊരുത്തി
പറ പറന്നു വന്നു, പറ പറന്നു വന്നു
സൂചി കുത്തി ചോരയൂറ്റി മൂളിമൂളിപ്പറന്നു



- കഥ വായിച്ചല്ലോ. കഥാപാത്രങ്ങൾ ആരൊക്കെയാണ്?
- ഭക്ഷണം തേടിപ്പോയ കുറുമ്പനീച്ചയ്ക്ക് എന്തു സംഭവിച്ചിട്ടുണ്ടാകും?



## വായിക്കാം

(ഊണു കഴിക്കുന്ന സിദ്ധു. കുറുമ്പൻ ഈച്ച പറന്നു വരുന്നു. പാത്രത്തിന് ചുറ്റും പാറി നടക്കുന്നു.)

കുറുമ്പൻ ഈച്ച : വിശക്കുന്നേ... വിശക്കുന്നേ

സിദ്ധു : അയ്യേ... ഈച്ച.

(കുറുമ്പൻ പാത്രത്തിൽ ഇരിക്കാൻ ശ്രമിക്കുന്നു. സിദ്ധു ആട്ടിപ്പായിക്കുന്നു. ഈച്ച പിന്നെയും ചുറ്റിപ്പറക്കുന്നു.)

കുറുമ്പൻ ഈച്ച : വിശക്കുന്നേ... വിശക്കുന്നേ



സിദ്ധു : മുത്തശ്ശീ... ഓടിവാ.. ഈച്ച എന്റെ പാത്രത്തിൽ ഇരിക്കുന്നു.

(മുത്തശ്ശി വരുന്നു)

മുത്തശ്ശി: ഈച്ചയെ ആട്ടിപ്പായിക്ക്.

സിദ്ധു : ഈച്ച പിന്നെയും വരുന്നു മുത്തശ്ശീ..

(മുത്തശ്ശിയും സിദ്ധുവും ചേർന്ന് ഈച്ചയെ തുരത്തുന്നു)

മുത്തശ്ശി: ഈച്ചയെ ആട്ടിപ്പായിച്ചല്ലോ. ഇനി ഊണ് കഴിക്കാം.

(സിദ്ധു ഊണ് കഴിക്കുന്നു)

## നാടകമാക്കാം

പാഠഭാഗം കൂട്ടുകാരോടൊത്ത് അഭിനയിക്കാം.



## പറഞ്ഞതാര്? വരച്ചുചേർക്കാം



നല്ല രുചിയുള്ള ചോര



അയ്യോ വിശക്കുന്നേ

ഈച്ചയെ ആട്ടിപ്പായിക്ക്



ഈച്ച എന്റെ
പാത്രത്തിൽ
ഇരിക്കുന്നു.



## നാരങ്ങവെള്ളം ഉണ്ടാക്കാം

അവധിദിനമാണ്. സിദ്ധുവും കൂട്ടുകാരും
കളിയോടുകളിതന്നെ. "ശ്ശോ.. വല്ലാത്ത ദാഹം.
നാരങ്ങവെള്ളം ഉണ്ടാക്കാം."
സിദ്ധു വീട്ടിലേക്കോടി.
നാരങ്ങ എടുത്ത് മുറിച്ചു. വെള്ളമെടുത്തു.
"നീ കൈ കഴുകിയോ സിദ്ധൂ?" മുത്തശ്ശി കണ്ടുപിടിച്ചു.
"അയ്യോ! കൈ കഴുകാൻ മറന്നുപോയി."
"നീ പാത്രം കഴുകിയോ സിദ്ധൂ?"
"നാരങ്ങ കഴുകിയോ സിദ്ധൂ?"



ശുചിത്വശീലങ്ങൾ പാലിച്ച് നമുക്ക് ക്ലാസിൽ
നാരങ്ങവെള്ളം ഉണ്ടാക്കിയാലോ?

## വിലയിരുത്താം

| ചെയ്യേണ്ടവ | ഞാൻ ചെയ്തത് (✓ അടയാളം) | ഞാൻ ചെയ്യാത്തത് (✗ അടയാളം) |
|---|---|---|
| കൈ കഴുകി | | |
| നാരങ്ങ കഴുകി | | |
| പാത്രം കഴുകി | | |
| തിളപ്പിച്ചാറിയ വെള്ളം ഉപയോഗിച്ചു | | |

## ഞങ്ങൾ രോഗം പരത്തും

ചിത്രം നോക്കൂ. ഈ ജീവികൾ പരത്തുന്ന രോഗങ്ങൾ കണ്ടെത്തി എഴുതാം.

| | | | |
|---|---|---|---|
| മന്ത് | എലിപ്പനി | നിപ | കോളറ |









## അടുക്കള സന്ദർശിക്കാം

സിദ്ധുവും കൂട്ടുകാരും സ്കൂളിലെ അടുക്കളസന്ദർശനത്തിന്റെ ഭാഗമായി തയ്യാറാക്കിയ സൂചകങ്ങൾ നോക്കൂ. ഈ സൂചകങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ സ്കൂളിലെ അടുക്കള സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കൂ.

| | |
|---|---|
| • അടുക്കളയും പരിസരവും വൃത്തിയുള്ളതാണ്. | |
| • അരിയും മറ്റു സാധനങ്ങളും ശരിയായി അടച്ചു വച്ചിട്ടുണ്ട്. | |
| • പാചകത്തിനുമുമ്പ് പാത്രങ്ങൾ വൃത്തിയായി കഴുകുന്നുണ്ട്. | |
| • അരിയും പച്ചക്കറികളും മറ്റും പാചകത്തിനുമുമ്പ് ശരിയായ രീതിയിൽ കഴുകുന്നുണ്ട്. | |
| • ശുദ്ധമായ വെള്ളമാണ് പാചകത്തിന് ഉപയോഗിക്കുന്നത്. | |
| • പാചകംചെയ്ത സാധനങ്ങൾ ശരിയായി അടച്ചുവച്ചിട്ടുണ്ട്. | |
| • അടുക്കളയിലെ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ട്. | |
| • പാചകക്കാർ ഏപ്രണും തലയിൽ തൊപ്പിയും ധരിച്ചിട്ടുണ്ട്. | |
| • പാചകക്കാർ വ്യക്തിശുചിത്വം പാലിക്കുന്നുണ്ട്. | |

അടുക്കള സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചല്ലോ?
കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ ചർച്ചചെയ്യൂ.
ഹെഡ്മാസ്റ്റർക്ക് നൽകാൻ ഒരു കത്ത് തയ്യാറാക്കാം.

## ടെലിവിഷനിൽ വാർത്ത വായിക്കാം




നമസ്കാരം.
വാർത്തകൾ വായിക്കുന്നത് മഞ്ജരി.
മഴക്കാലം തുടങ്ങിയതോടെ രോഗങ്ങളും വരവായി.
പനിയും ഛർദിയും വയറിളക്കവും ബാധിച്ച്
നൂറുകണക്കിനാളുകളെ വിവിധ ആശുപത്രികളിൽ
പ്രവേശിപ്പിച്ചു. എലിയും ഈച്ചയും കൊതുകും
പെരുകിയതാണ് രോഗകാരണമെന്ന്
ആരോഗ്യവകുപ്പ് അറിയിച്ചു.
പരിസരശുചീകരണത്തിനായി എല്ലാ
ഞായറാഴ്ചയും ഡ്രൈഡേ ആചരിക്കണമെന്ന്
സർക്കാർ ഉത്തരവിട്ടു.

## പത്രവാർത്തകൾ വായിക്കാം

**ഭക്ഷ്യവിഷബാധ: നാലുപേർ ആശുപത്രിയിൽ**

**ഹോട്ടലുകളിൽ പരിശോധന: പഴകിയ ഭക്ഷണം പിടിച്ചെടുത്തു**

പത്രവാർത്തകൾ വായിച്ചല്ലോ?
ഭക്ഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രശ്നങ്ങളാണ് വാർത്തയിൽ പറഞ്ഞിരിക്കുന്നത്?

കൂടുതൽ വാർത്തകൾ കണ്ടെത്തി എഴുതാം

## ശുചിത്വ സന്ദേശ റാലി

സിദ്ധുവിന്റെ ക്ലാസിലെ കൂട്ടുകാരെല്ലാംചേർന്ന് ശുചിത്വ സന്ദേശ റാലി നടത്താൻ ഒരുങ്ങുകയാണ്. സന്ദേശവാക്യങ്ങൾ ഉള്ള പ്ലക്കാർഡുകൾ തയ്യാറാക്കണം. എന്തൊക്കെ വാക്യങ്ങളാണ് എഴുതേണ്ടത്?




നിങ്ങൾ നടത്തുന്ന ശുചിത്വ സന്ദേശ റാലി എല്ലാവരെയും അറിയിക്കാൻ സ്കൂളിലെ നോട്ടീസ്ബോർഡിൽ പതിക്കുന്നതിനായി ഒരു പോസ്റ്റർ തയ്യാറാക്കൂ.

## പാടാം രസിക്കാം

### കുട്ടികളല്ലേ ചന്തങ്ങൾ

പാവക്കുട്ടി ചെളിയിൽ വീണു
തിത്തക തെയ്യക തെയ്യാരം
ഓടിച്ചെന്നു വാരിയെടുത്തു
കഴുകിയുണക്കി കുഞ്ഞൂട്ടൻ
പാലുകൊടുത്ത് പാടിയുറക്കാൻ
മാറിൽ ചേർക്കും നേരത്ത്
കുതറിച്ചാടീ പാവക്കുട്ടി
ചെളിയാക്കരുതേ കുഞ്ഞൂട്ടാ!

കൈയിൽ, കാലിൽ ചെളിയുണ്ട്
നഖത്തിനുള്ളിൽ ചെളിയുണ്ട്
മേലാകെച്ചെളിയാണല്ലോ,
ഇന്നു കുളിച്ചിട്ടില്ലേ നീ?
അയ്യേ കഷ്ടം! കുഞ്ഞൂട്ടാ,
കുട്ടികളല്ലേ ചന്തങ്ങൾ?



**മാറിൽ ചേർക്കുന്ന നേരത്ത് പാവക്കുട്ടി കുതറിച്ചാടിയത് എന്തുകൊണ്ടായിരിക്കും?**

# 10 സിംഹരാജനും മാൻകുഞ്ഞും



സിംഹത്തിന്റെ ചോദ്യം കേട്ടപ്പോൾതന്നെ കുറുക്കന്
സൂത്രം പിടികിട്ടി. “മഹാരാജാവിന് ഇപ്പോൾ
പഴയപോലെയൊന്നും ഓടാൻ കഴിയുന്നില്ല. വയസ്സായി.
ഒറ്റയ്ക്ക് വേട്ടയാടിയാൽ മുയൽക്കുഞ്ഞിനെപ്പോലും കിട്ടില്ല.
അതാ ഈ സ്നേഹം. രാജാവല്ലേ,
എതിർക്കാതിരിക്കുന്നതാണ് ബുദ്ധി.”

“ആവാമല്ലോ, നമ്മളെല്ലാവരും മാംസം കഴിക്കുന്നവരല്ലേ.”
കുറുക്കൻ മഹാരാജാവിനെ പിന്തുണച്ചു. അങ്ങനെ
സിംഹവും കടുവയും പുലിയും കുറുക്കനും ചെന്നായയും
ഒരുമിച്ച് നായാട്ടിനിറങ്ങി.



ആദ്യം അവരുടെ വലയിൽപെട്ടത് ഒരു
മാൻകുഞ്ഞായിരുന്നു.
“നല്ല ചന്തമുള്ള പുള്ളിമാൻ. കൊമ്പ് മുളച്ചുവരുന്നേയുള്ളൂ.
നല്ല രുചിയായിരിക്കും” പുലി പറഞ്ഞു.
എങ്ങനെയാണ് പങ്കുവയ്ക്കേണ്ടതെന്ന് വേട്ടക്കാർ
തമ്മിൽത്തമ്മിൽ തർക്കിക്കുമ്പോഴാണ്
മാൻകുഞ്ഞിന്റെ കരച്ചിൽ.
“അയ്യോ! എനിക്കു വിശക്കുന്നേ, വല്ലതും തിന്നാൻ തായോ”
ഇതുകേട്ട് വേട്ടക്കാർ കൂട്ടത്തോടെ പൊട്ടിച്ചിരിച്ചു.
“നീ ഞങ്ങളുടെ ഇരയാണ്. ഞങ്ങൾക്ക് വിശന്നതുകൊണ്ടല്ലേ
നിന്നെ പിടിച്ചത്” സിംഹം പറഞ്ഞു.
“അതെ, ശരിയാ” എല്ലാവരും ഏറ്റുപറഞ്ഞു.
“അയ്യോ! സത്യമായിട്ടും എനിക്ക് വിശക്കുന്നുണ്ട്.”
മാൻകുഞ്ഞ് ശാഠ്യം പിടിച്ച് ഉറക്കെ കരഞ്ഞു.



“ശല്യമായല്ലോ, വിശക്കുന്ന ജന്തുവിനെ തിന്നാൽ നമ്മുടെ വിശപ്പ് മാറില്ല. ആരെങ്കിലും പോയി ഇതിന് തിന്നാൻ വല്ലതും കൊണ്ടുവരൂ.” സിംഹരാജൻ കല്പിച്ചു.



കടുവയും ചെന്നായയും ഓടിപ്പോയി തലേദിവസം തിന്നതിന്റെ ബാക്കി ചീഞ്ഞ ഇറച്ചിയുമായി തിരിച്ചുവന്നു. അത് മണത്തുനോക്കിയ മാൻകുഞ്ഞ് ഓക്കാനിച്ചു. ഛർദിച്ചു. "ഇതൊന്നും ഞാൻ കഴിക്കില്ല, എന്റെ ഭക്ഷണം ഇതല്ല." മാൻകുഞ്ഞ് വീണ്ടും കരയാൻ തുടങ്ങി.

കുറുക്കൻ ഓടിച്ചെന്ന് കാട്ടുചോലയ്ക്കരികിലെ ഇളംപുല്ല് പറിച്ചു കൊണ്ടുവന്നു. പുല്ലുതിന്ന് തെളിവെള്ളം കുടിച്ച് മാൻകുഞ്ഞ് പിന്നെയും കരയാൻ തുടങ്ങി.

"ഹൊ! ഇതിനെക്കൊണ്ട് തോറ്റല്ലോ ഇനി എന്തിനാ കരയുന്നേ?" കടുവ ചോദിച്ചു.

"എനിക്കെന്റെ അമ്മയെ കാണണം." മാൻകുഞ്ഞ് ചിണുങ്ങിക്കരഞ്ഞു.

"ഇനി ഇതിനെ തിന്നാം" കുറുക്കന്റെ വായിൽ വെള്ളമൂറി.

സിംഹം കുറുക്കനെ തറപ്പിച്ചുനോക്കി.

കരയുന്ന മാൻകുഞ്ഞിനെ മണപ്പിച്ചുനോക്കി.



മാൻകുഞ്ഞ് സിംഹരാജനെ കെട്ടിപ്പിടിച്ചു കരഞ്ഞു. സിംഹരാജന്റെ മനസ്സിൽ സ്നേഹത്തിന്റെ നീരുറവ പൊടിഞ്ഞു.

“സിംഹം മാനിനെ ഒറ്റയ്ക്കു തിന്നും. നമ്മൾ കഷ്ടപ്പെട്ടത് വെറുതെയാകും.” കടുവയും ചെന്നായയും പാറപ്പുറത്ത് നഖമുരച്ച് മുരണ്ടു.

“ഇവൾ കുഞ്ഞല്ലേ? നമുക്ക് ഇവളെ വളർത്താം” സിംഹം വാത്സല്യത്തോടെ മാൻകുഞ്ഞിന്റെ പുറത്ത് തലോടി. സിംഹരാജനോട് മറുത്തുപറയാൻ ആർക്കും ധൈര്യം വന്നില്ല. മാൻകുഞ്ഞ് ആശ്വാസത്തോടെ സിംഹത്തിന്റെ കഴുത്തിലെ നീണ്ട രോമങ്ങൾക്കിടയിൽ മുഖം ചേർത്തുകിടന്നു.

മാൻകുഞ്ഞിന് അതിന്റെ അമ്മയെ ഓർമ്മവന്നു.



**എന്നിട്ടോ? കഥ പൂർത്തിയാക്കാം.**

**കഥ വായിച്ചല്ലോ? ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാം.**

- കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാം?
- വേട്ടക്കാർ കൂട്ടത്തോടെ  പൊട്ടിച്ചിരിച്ചതെപ്പോൾ?
- കഥയിൽനിന്നും കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി ചോദ്യോത്തരപ്പയറ്റ് നടത്താം.

## വിരൽച്ചിത്രങ്ങൾ

വിരൽച്ചിത്രങ്ങൾ തയ്യാറാക്കാം.



## കാട്ടിലൊരുത്സവമേളം

മന്ദാരക്കാട്ടിൽ ഉത്സവമാണ്. കാട്ടിലെ ജീവികളെല്ലാം ഉത്സവത്തിന് ഒത്തുകൂടി. ഒപ്പം നാട്ടിൽനിന്നും അയൽക്കാടുകളിൽനിന്നും പക്ഷികളും മൃഗങ്ങളും മറ്റു ജീവികളും വിരുന്നെത്തി.



കൊട്ടും കുരവയും കേട്ടുവല്ലോ
ആട്ടവും പാട്ടുമാണിന്നു കാട്ടിൽ
ചില്ലതൻ തുഞ്ചത്തു തൂങ്ങിയാടി
കുഞ്ഞൻകുരങ്ങനും യാത്രപോയി
കുമ്പയും തുമ്പിയും കൊമ്പുമായി
ചിന്നം വിളിച്ചുകൊണ്ടാന പോയി
ചാടിക്കുതിച്ചുപോയ് ചെമ്പൻമുയൽ
പാറിപ്പറന്നു പരുന്തു പോയി
ചേരയും അണലിയും ഇഴഞ്ഞു പോയി
കാട്ടെലി മണ്ണും തുരന്നു പോയി
പുള്ളിമാൻ തുള്ളിത്തെറിച്ചു പോയി
പുള്ളിപ്പുലികൾ പതുങ്ങി നീങ്ങി
കാട്ടിലിന്നാട്ടവും പാട്ടുമുണ്ടേ
കൂട്ടരേ നമ്മളും പോകയല്ലേ?

## അഭിനയിക്കാം

- ഉത്സവമേളത്തിനെത്തിയ ജീവികൾ എങ്ങനെയാവാം വന്നത്? അഭിനയിക്കാം.

## നിർമ്മിക്കാം

- പേപ്പർ ഉപയോഗിച്ച് മൃഗങ്ങളുടെ രൂപം ഉണ്ടാക്കാം

## വായിക്കാം

### കുഞ്ഞിയുടെ കരച്ചിൽ

മ്യാവൂ.. മ്യാവൂ..
കുഞ്ഞിപ്പൂച്ചയുടെ കരച്ചിലല്ലേ കേൾക്കുന്നത്?
അവൾ എന്തിനാവും കരയുന്നത്?

അമ്മയോട് ചോദിക്കാം.
"എനിക്കറിയില്ല" അമ്മ പറഞ്ഞു.

എന്നാൽ അച്ഛനോട് ചോദിക്കാം.
"അച്ഛാ അച്ഛാ, എന്തിനാണ്
കുഞ്ഞി കരയുന്നത്?"
ജോലിക്കിടയിൽ അച്ഛൻ പറഞ്ഞു.
"എനിക്കറിയില്ല."

ഇനി ആരോട് ചോദിക്കും?
ചേട്ടനോട് ചോദിച്ചാലോ?

"കുഞ്ഞിപ്പൂച്ച എന്തിനാ ചേട്ടാ കരയുന്നത്?"
ചേട്ടൻ ദേഷ്യത്തോടെ കണ്ണുരുട്ടി.
"ഇനി എന്തു ചെയ്യും? കുഞ്ഞിയോടുതന്നെ ചോദിക്കാം."
പിന്നാമ്പുറത്തെ വിറകുകെട്ടുകൾക്കിടയിലാണ് അവൾ.
"കുഞ്ഞീ എന്തിനാ നീ കരയുന്നത്?"
"വിശന്നിട്ടാണോ?"
"മ്യാവൂ" അവൾ തലയാട്ടി.

**മ്യാവൂ.. മ്യാവൂ..**



കുഞ്ഞി കരയുന്നത്
എന്തിനാണെന്ന്
അവളോടുതന്നെയായിരുന്നു
ആദ്യം ചോദിക്കേണ്ടിയിരുന്നത്.

# 11 മിന്നിമിനുങ്ങും മിന്നാമിന്നി

കുന്നിമണിക്കാട്ടിലെ ഒരു കുളം.
കുളക്കരയിലെ വള്ളിയിൽ ഒരു മിന്നാമിന്നി.
നേരം രാത്രിയായി. മിന്നാമിന്നിയുടെ പ്രകാശം
പരന്നു. കുളത്തിൽ സ്വന്തം രൂപം
തെളിഞ്ഞുകണ്ടപ്പോൾ മിന്നാമിന്നിക്ക് സന്തോഷമായി.
അത് വള്ളിയിൽ തൂങ്ങിയാടി നൃത്തംചെയ്തു.



അതിനിടയിലാണ് ആ കാഴ്ച കണ്ടത്.
“ഹൊ എത്ര  മിന്നാമിന്നികളാണ് ആകാശത്ത്.
ആരെ നോക്കിയാവാം
അവർ ഇടയ്ക്കിടെ കണ്ണ് ചിമ്മുന്നത്?
ആടാനും പാടാനും കൂട്ടുകൂടാനും കളിക്കാനും എത്രയെത്ര
കൂട്ടുകാരാണ് അവിടെ. അവരോടൊപ്പം കളിക്കണം.
എന്തു രസമായിരിക്കും!”
ആകാശത്തിലേക്ക് ഉയർന്നുപൊങ്ങി കൂട്ടുകാരോടൊപ്പം
എത്താൻ മിന്നാമിന്നി വല്ലാതെ മോഹിച്ചു.





പിന്നെയൊന്നും ആലോചിച്ചില്ല.
ഒറ്റപ്പറക്കൽ.
ആദ്യം പേടിതോന്നി.
കൂട്ടുകാരുടെ അടുത്തേക്കാണല്ലോ എന്നോർത്തപ്പോൾ
പേടി മാഞ്ഞുപോയി.



മിന്നാമിന്നി മുകളിലേക്ക് മുകളിലേക്ക് ഉയർന്നു.
വഴിയിൽവെച്ച് അമ്പിളിയെ കണ്ടു.
ഹൊ, എന്തൊരു വെളിച്ചമാണ് ഈ അമ്പിളിക്ക്! പക്ഷെ പറഞ്ഞിട്ടെന്താ കാര്യം? ചിലപ്പോൾ മെലിഞ്ഞ് മെലിഞ്ഞ് നാളികേരപ്പൂളുപോലെയാവും. പിന്നെ വീണ്ടും വലുതാവും.
"എന്താണ് നിന്റെ രഹസ്യം?" മിന്നാമിന്നി അമ്പിളിയോട് ചോദിച്ചു. "ഇപ്പോൾ നീ പോകൂ. തിരിച്ചുവരുമ്പോൾ പറഞ്ഞുതരാം."
അമ്പിളി മിന്നാമിന്നിയെ യാത്രയാക്കി.



മിന്നാമിന്നി പറന്നുപറന്ന് കൂട്ടുകാരുടെ അടുത്തെത്തി.
അവരോടൊപ്പം കളിച്ചു.
കളിച്ചുകളിച്ച് നേരം പോയതറിഞ്ഞില്ല.

രാവൊടുങ്ങി.
സൂര്യനുദിച്ചു.
നക്ഷത്രക്കൂട്ടുകാരെ കാണാനില്ല.
മിന്നാമിന്നിക്ക് സങ്കടമായി.
ഭൂമിയിലേക്ക് മടങ്ങാനുള്ള വഴിയും
തെളിഞ്ഞില്ല. ഇനിയെന്തു ചെയ്യും?





നക്ഷത്രക്കൂട്ടുകാരോടൊപ്പം
ഒരു കുഞ്ഞുനക്ഷത്രമായി കൂടിയാലോ.
മിന്നാമിന്നിയുടെ
മനസ്സിൽ സന്തോഷം
നിറഞ്ഞുകവിഞ്ഞു.

### കടങ്കവിതകൾക്ക് ഉത്തരമെഴുതാം

തലയ്ക്കു മീതെ നീലനിറത്തിൽ
വമ്പൻ കുടയൊന്നുണ്ടല്ലോ
മഴയും കൊള്ളും വെയിലും കൊള്ളും
കുടയുടെ പേരതുചൊല്ലാമോ?

മാനത്തുണ്ടൊരു പാൽക്കിണ്ണം
ഓടിനടക്കും പാൽക്കിണ്ണം
താഴോട്ടൊന്നു വരുത്താനായ്
ഉണ്ണികൾ തേടും പാൽക്കിണ്ണം

മാനത്തുള്ളൊരു കൊട്ടാരം
പാറിനടക്കും കൊട്ടാരം
പലതായ് മാറും കൊട്ടാരം
പഞ്ഞിക്കൊട്ടാരം.

**മിന്നാമിന്നി, നക്ഷത്രം എന്നിവ ഉത്തരമായി വരുന്ന കടങ്കഥകൾ കണ്ടെത്തി എഴുതൂ.**

താളത്തിൽ പാടാം

## ആറ്റിന്നക്കരെ

ആറ്റിന്നക്കരെ പാടം തെയ്യക
പാടത്തിന്നക്കരെ നീലമല
നീലമലയ്ക്കും മേലേ തെയ്യക
വാനം തൊട്ടൊരു പാലമരം
ഏഴിലംപാലയിൽ ഏഴു കൊമ്പിൽ
ഏഴുതരം കിളി കൂടുവച്ചു
നീലത്തത്ത പനന്തത്ത,
വേലിത്തത്ത പനങ്കാക്ക,
മഞ്ഞക്കാഞ്ചി മരംകൊത്തി,
കുട്ടുറുവൻകിളി കൂടുവച്ചു.
ഏഴു തരത്തിൽ പാടുന്നു കിളി
ഏഴു നിറത്തിൽ പാറുന്നു
ഏഴു നിറങ്ങൾ കലങ്ങിയ വാനിൽ
മാരിവില്ലു തെളിയുന്നു.



## സ്വതന്ത്രരചനപാഠം

### ചിത്രം നോക്കി കഥ പറയാം എഴുതാം



## കഥയെഴുതാം

# അക്ഷരമാല

## സ്വരങ്ങൾ

| | | | |
|---|---|---|---|
| അ | ആ | ഇ | ഈ |
| ഉ | ഊ | ഋ | |
| എ | ഏ | ഐ | |
| ഒ | ഓ | ഔ | |

| | | | |
|---|---|---|---|
| അനുസ്വാരം | അം | അഃ | വിസർഗം |

## വ്യഞ്ജനാക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |
| യ | ര | ല | വ | |
| ശ | ഷ | സ | | |
| ഹ | | | | |
| ള | ഴ | റ | | |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.